## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കോട്ടയം ജില്ല ചിറക്കടവ് ഗ്രാമപഞ്ചായത്ത് ചെറുവള്ളി വില്ലേജ് - **മെറ്റൽ ക്രഷർ/അനുബന്ധ കെട്ടിട നിർമ്മാണം** ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1 ചിറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/12/2019 ലെ B-7958/19 നമ്പർ കത്ത്.

2. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 01/02/2020 ലെ TCPKTM/1612/19-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/368/2020 -C3** തീയതി: **07/03/2020**

---

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചെറുവള്ളി വില്ലേജിൽ റീ സർവ്വെ നം. 58/1, 2-2, 5 എന്നിവയിൽപ്പെട്ട 18640. ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് ക്രഷർ യൂണിറ്റ് 585. 53 മീ., ഓഫീസ് 49. 45 ച.മീ., Rest Room 45. 16 ച.മീ. ഉൾപ്പെടെ 680. 14 ച.മീ. വരുന്ന മെറ്റൽ ക്രഷർ യൂണിറ്റ് പെർമിറ്റ് ലഭിച്ച ഏരിയായിൽ നിന്ന് അധികരിച്ച് നിർമ്മിച്ചത് ക്രമവൽക്കരിക്കുന്നതിന് പുതുക്കിയ ലേ-ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. കെ.എസ്. താജുദ്ദീൻ**, കരിമ്പിൽ ഹൗസ്, ചാമംപതാൽ. പി.ഒ, കോട്ടയം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
4. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

5. ചട്ടം 61 (5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള അനുമതി ആവശ്യമാണ്.
6. ചട്ടം 61 (6) പ്രകാരം അഗ്നി അഗ്നിസുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
7. ചട്ടം 61 (7) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷ സംബന്ധിച്ച ആവശ്യകതകളും എൻ.ബി.സി. 05–ന് അനുസൃതമായിരിക്കേണ്ടതാണ്.
8. ചട്ടം 61 (8) പ്രകാരം വാഷിംഗ് സൗകര്യം ഉൾപ്പെടുത്തണം.
9. ചട്ടം 101 പ്രകാരം Ground water recharging arrangement ഉൾപ്പെടുത്തേണ്ടതാണ്.
10. ചട്ടം 61 (17) പ്രകാരം മലിനജലം പുനരുപയോഗം ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തണം.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **57/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

Signature valid
Digitally signed by JAYASREE P R
Date: 2020.03.07 15:24:56 IST
Reason: Approved

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. കെ.എസ്.താജുദ്ദീൻ, കരിമ്പിൽ ഹൗസ്, ചാമംപതാൽ. പി.ഒ, കോട്ടയം
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം